PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY,

Third Session—1955.

Vol. XIV] OFFICIAL REPORT [Supplement-Part I.

QUESTIONS AND ANSWERS LAID ON THE TABLE.

[The number within brackets indicates the serial number in the list of admitted questions for the respective days to which the questions were posted.]

QUESTIONS POSTED FOR ANSWER ON 5-10-55 BUT NOT PUT AS THE OPPOSITION PARTIES WALKED OUT

കയർ മിനിമംവേജസിൽ വരുത്തുന്ന ഭേദഗതികൾ.

* 714. [1] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ തൊഴിലാളികളുടെ മിനിമം വേജസിൽ എന്തെങ്കിലും ഭേദഗതി വരുത്താൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഭേദഗതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ ഭേദഗതികൾ നടപ്പിൽ വരുത്തേണ്ടതിന്റെ ആവശ്യം എന്തു് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) കയർ തൊഴിലാളികൾക്ക് കണക്കാക്കിയ മിനിമം വേജസിൽ ചെറിയ ചില മാറ്റങ്ങൾ വരുത്തുന്ന കാര്യം ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുകയാണു്.

(ബി) ഭേദഗതികൾ എന്തെല്ലാമാണു് വരുത്തേണ്ടതെന്ന കാര്യവും ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുകയാണു്.

(സി) കയർതൊഴിലാളികൾക്ക് കുറഞ്ഞ കൂലി കണക്കാക്കിയതിനെത്തുടർന്നു് വ്യവസായത്തിനു പൊതുവെ മാന്ദ്യം സംഭവിക്കുകയും കുറെ ചെറുകിടവ്യവസായികൾ വ്യവസായസ്ഥാപനങ്ങൾ അടച്ചുപൂട്ടുകയും ചെയ്തു. തൊണ്ടിന്റെ വിലക്കുറ്റതലും തൊഴിലാളികൾക്ക് കണക്കാക്കിയ കുറഞ്ഞ കൂലിയുമായി നോക്കുമ്പോൾ വ്യവസായം നഷ്ടമില്ലാതെ നടത്തുന്നതിനു കഴിവില്ലായെന്നുള്ളതുമായിരുന്നു വ്യവസായികളുടെ അഭിപ്രായം. ഇതുകാരണം വളരെ തൊഴിലാളികൾ തൊഴിൽ

LIBRARY ARCHIVES Kerala Legislative Assembly

രഹിതരായി. വ്യവസായത്തെ ബാധിച്ച മാന്ദ്യം മാറി ശരിയായ വിധത്തിൽ നടത്തുന്നതിന ആവശ്യമായി എടുക്കേണ്ട നടപടികൾ എന്തൊക്കെയെന്ന അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന തൊഴിലാളി മുതലാളി പ്രതിനിധികളുടെ അഭിപ്രായപ്രകാരം ഗവണ്മെൻറ് ഒരു മിനിമംവേജസ് ഇൻഡെപ്തസറി കമ്മിറ്റിയെ നിയമിച്ചു. ആ കമ്മിറ്റിയുടെ ശുപാർശകളെ അടിസ്ഥാനപ്പെടുത്തിയും മിനിമംവേജസ് ബോർഡിൻറ അഭിപ്രായാനുസരണവുമാണ് മിനിമം വേജസിൽ മാറ്റങ്ങൾ ഉദ്ദേശിക്കുന്നത്.

Amount spent under the First Five Year Plan.

* 715. [4] SHRI P. VISWAMBARAN: Will the Chief Minister be pleased to state:

What is the total amount spent in the first quarter of 1955-56 for various schemes under the First Five Year Plan?

Chief Minister (SHRI PANAMPILLI GOVINDA MENON): † List showing the total amount spent during the first quarter of 1955-56 for various schemes included in the First Five Year Plan is placed on the table.

രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെട്ട വ്യവസായങ്ങൾ.

* 716. [5] ശ്രീ. പി. വിശ്വംഭരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയിലുൾപ്പെടുത്തുവാനായി തിരുവിതാംകൂർ–കൊച്ചിയിൽ ഗവണ്മെൻറ് നിർദ്ദേശിച്ചിട്ടുള്ള വൻകിട ചെറുകിട വ്യവസായങ്ങൾ ഏതെല്ലാം; അവ ഓരോന്നും ഏതേത് ഡിസ്ട്രിക്റ്റിലാണ് സ്ഥാപിക്കുന്നത്;

(ബി) ഓരോ ഡിസ്ട്രിക്ടിലും വ്യാവസായികസംരംഭങ്ങൾക്കായി മുടക്കുവാനുദ്ദേശിച്ചിട്ടുള്ള തുകയെത്ര;

(സി) പദ്ധതിയനുസരിച്ച് ഓരോ ഡിസ്ട്രിക്റ്റിലും ഏത്രയാൾക്കുവീതം പുതുതായി തൊഴിൽ നൽകുവാൻ സാധിക്കുമെന്നാണ് ഗവണ്മെൻറ് പ്രതീക്ഷിക്കുന്നത്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) രണ്ടാം പഞ്ചവത്സര പദ്ധതിയിലുൾപ്പെടുത്തുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്ന വൻകിട ചെറുകിട വ്യവസായങ്ങളുടെ ഒരു പട്ടിക ‡ മേശമേൽ വച്ചിട്ടുണ്ട്. ഇവ ഏതേത് ഡിസ്ട്രിക്റ്റിലാണ് സ്ഥാപിക്കേണ്ടതെന്നതിനെപ്പറ്റി ഗവണ്മെൻറ് അവസാനതീരുമാനം എടുത്തിട്ടില്ല.

(ബി–സി) ഏ–വകുപ്പിൻറെ ഉത്തരംകൊണ്ട് ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly